**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ ഓണം-ബക്രീദ് വിപണനമേള 2017– ജില്ലാ പഞ്ചായത്തുകൾ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ, കുടുംബശ്രീ എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

==================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ)നം.2612/2017/തസ്വഭവ | തിരുവനന്തപുരം, തീയതി, 28-07-2017

==================================================================

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 20.06.2017, 10.07.2017 എന്നീ തീയതികളിലെ 8596/ഡി.പി1/17/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ വകുപ്പ്, ജില്ലാ പഞ്ചായത്തുകളുടെയും, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളുടെയും സംയുക്ത ആഭിമുഖ്യത്തിൽ 1984 മുതൽ എല്ലാ വർഷവും ഓണക്കാലത്തോടനുബന്ധിച്ച് ജില്ലകൾതോറും ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ വിപണനമേളകൾ സംഘടിപ്പിച്ച് വരാറുണ്ട്. കരകൗശല ഉല്പന്നങ്ങൾ, നാടൻ കാർഷിക ഉല്പന്നങ്ങൾ, നാടൻ പലഹാരങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, വിവിധതരം അച്ചാറുകൾ, കൈത്തറി വസ്ത്രങ്ങൾ, അലങ്കാര ചെടികൾ, ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ സ്വയം സഹായ സംഘങ്ങൾ, കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ എന്നിവ തയ്യാറാക്കുന്ന ഉല്പന്നങ്ങൾ എന്നിവയ്ക്ക് ഓണക്കാലത്ത് മികച്ച വിപണന സാദ്ധ്യതയാണുള്ളത്. എസ്.ജി.എസ്.വൈ പദ്ധതി എൻ.ആർ.എൽ.എം ആയി രൂപാന്തരപ്പെട്ട സാഹചര്യത്തിൽ, എസ്.ജി.എസ്.വൈ ഫണ്ടിന്റെ അപര്യാപ്തതമൂലം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിപണനമേളകൾ സംഘടിപ്പിക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശകത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

2.മേൽ സാഹചര്യത്തിൽ ജില്ലാ പഞ്ചായത്തുകൾ, ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾ എന്നിവയുടെ സംയുക്ത നേതൃത്വത്തിൽ കുടുംബശ്രീ ജില്ലാ മിഷനുകളുടെ സഹായത്തോടെ ഈ ഓണക്കാലത്ത് വിപണനമേളകൾ സംഘടിപ്പിച്ചാൽ ജില്ലകളിലെ സ്വയം സഹായ സംഘങ്ങൾക്കും, കുടുംബശ്രീ യൂണിറ്റുകൾക്കും കൂടുതൽ വിപണന സാദ്ധ്യതകൾ തുറക്കുന്നതിനും, മെച്ചപ്പെട്ട സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും, മികച്ച സംഘാടനത്തിനും ഇടയാക്കുമെന്നും ആയതിനാൽ കഴിഞ്ഞ 32 വർഷമായി ഗ്രാമീണ ഉല്പന്നങ്ങൾക്ക് വലിയൊരു വിപണന സാദ്ധ്യതയുണ്ടാക്കുന്ന ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ മേള കുടുംബശ്രീയുടെ കൂടെ സഹകരണത്തോടെ ഈ വർഷത്തെ ഓണക്കാലത്ത് ആകർഷണീയമായും ചിട്ടയായും സംഘടിപ്പിക്കുന്നതിനാവശ്യമായ അനുമതി നൽകണമെന്നും ഗ്രാമവികസന കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന നിബന്ധനകളോടെ ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ ഓണം-ബക്രീദ് വിപണനമേള നടത്തുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

1. ഐ.ആർ.ഡി.പി/എസ്.ജി.എസ്.വൈ/കുടുംബശ്രീ ഓണം-ബക്രീദ് വിപണനമേള 30.08.2017 മുതൽ 03.09.2017 വരെ ജില്ലാ പഞ്ചായത്തുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കേണ്ടതാണ്.
2. മേള സംഘടിപ്പിക്കാനുള്ള ഫണ്ട് ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങളിൽ ലഭ്യമല്ലെങ്കിൽ ബ്ലോക്ക് പഞ്ചായത്തുകൾ പരമാവധി 50,000/-രൂപ വച്ചും ജില്ലാ പഞ്ചായത്തുകൾ പരമാവധി 1,50,000/-വച്ചും

ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ദാരിദ്ര്യ ലഘൂകരണ വിഭാഗങ്ങൾക്ക് നൽകേണ്ടതാണ്. എന്നാൽ ആകെ ചെലവ് 8.00 ലക്ഷം രൂപയിൽ അധികരിക്കാൻ പാടില്ല.

3. മേളയിൽ സെയിൽ ചാർജ് 2% ആയി നിജപ്പെടുത്തേണ്ടതാണ്.
4. മേള സംഘടിപ്പിക്കാനുള്ള മാർഗനിർദ്ദേശങ്ങൾ ഗ്രാമവികസന കമ്മീഷണർ പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ.ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ
4. എല്ലാ ജില്ലകളിലേയും ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകളുടെ പ്രോജക്ട് ഡയറക്ടർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
5. എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
6. എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
7. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
8. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
9. ധനകാര്യവകുപ്പ്
10. ഇൻഫർമേഷൻ കേരള മിഷൻ ഡയറക്ടർ
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ